**കേരള സർക്കാർ**

നം.ഡി.എ 1/63/2019/ തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,

തിരുവനന്തപുരം, തീയതി : 26.03.2019

## സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ- പട്ടിക വർഗ്ഗക്കാരില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച റ്റി.എസ്.പി. വിഹിതം- തിരിച്ചടക്കുന്നത് -സംബന്ധിച്ച്

പരാമർശം :- 1 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.18 ലെ 3.5 നമ്പർ തീരുമാനം

2 തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 11.03.19 ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

2019- 20 സാമ്പത്തിക വർഷത്തിൽ റ്റി.എസ്.പി. വിഹിതം പട്ടിക വർഗ്ഗക്കാരില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടക്കുന്നതിനു ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുമായി ചേർന്ന് ഫീൽഡ് തലത്തിലുള്ള സംയുക്ത പരിശോധന നടത്തേണ്ടതും മേൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പട്ടികവർഗ്ഗക്കാരായി ആരും തന്നെ ഇല്ലെന്നും ആയതിനാൽ തൻവർഷം ഉള്ള റ്റി.എസ്.പി. വിഹിതം ചെലവഴിക്കാൻ നിർവാഹമില്ലെന്നും ആയത് സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നു എന്നും സർട്ടിഫൈ ചെയ്ത് ആയത് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)/റീജണൽ ജോയിന്റ് ഡയറക്ടർ എന്നിവർ മുഖേന പരിശോധിച്ച് വകുപ്പുമേധാവികൾക്കും നൽകേണ്ടതും വകുപ്പ് മേധാവികൾ ആയത് ക്രോഡീകരിച്ച് വ്യക്തമായ റിമാർക്സ് സഹിതം 2019 ഏപ്രിൽ 20 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ പട്ടികവർഗ്ഗക്കാർ കൂടുതലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റും വകുപ്പുമേധാവികൾ 2019 ഏപ്രിൽ 20 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസനകമ്മീഷണർ മുഖേന

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ധനകാര്യവകുപ്പ്
പട്ടികജാതി പട്ടിക വർഗ്ഗവികസന വകുപ്പ്
ഡയറക്ടർ, പട്ടിക വർഗ്ഗവികസന വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ